കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) സംസ്ഥാനത്ത് നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന പദ്ധതികൾ

67(1320) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) സംസ്ഥാനത്ത് നടപ്പാക്കാൻ വിവിധ വകുപ്പുകളുടേതായ എന്തെല്ലാം പദ്ധതികളാണ് നിശ്ചയിച്ചിരുന്നത്;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ പൂർത്തിയാക്കാനായി;

(സി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും കേന്ദ്രം അനുവദിച്ചത് എത്ര കോടി രൂപയാണ്; ഇതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു?

ഉത്തരം

(എ) 2010-2011 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ഡിസംബർ 2010 വരെ പൂർത്തിയാക്കിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) കേന്ദ്രം അനുവദിച്ച തുകയുടെയും 31-12-2010 വരെയുള്ള ചെലവിന്റെയും വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

ഓപ്പൺ സോഫ്റ്റ് വെയർ പരിശീലനം

68 (1321) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ സോഫ്റ്റ് വെയർ പരിശീലനം വ്യാപകവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളാണ് സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നത് ;

(സി) ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ പുതിയ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കാൻ പോകുന്ന ഇ-ഗവേഷൻസ് പദ്ധതികളിൽ സ്വതന്ത്ര സോഫ്റ്റ്വെയറിന് ഊന്നൽ നൽകുകയും ഈ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ വേണ്ടി സ്വതന്ത്ര സോഫ്റ്റ്വെയർ ഉത്പ്പാദകർക്ക് സാമ്പത്തിക സഹായം നൽകുകയും അതിന് അനുബന്ധമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര സോഫ്റ്റ്വെയറിൽ ഉന്നത നിലവാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിനു വേണ്ടി കേരള സർക്കാരിന്റെ ഐ.ടി. വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന ഐ.ടി. മിഷനും, സി-ഡിറ്റും സഹകരിച്ച് രൂപവൽകരിച്ച കാറ്റ് ഫോസ് രാജ്യത്തെ സ്വതന്ത്ര സോഫ്റ്റ് വെയർ പരിശീലനത്തിനു വേണ്ടിയുള്ള ആദ്യത്തെ സംരംഭമാണ്. എറണാകുളത്ത് കലൂരിൽ സ്ഥാപിതമായിട്ടുള്ള ഈ സ്ഥാപനത്തിൽ ഒരു ബാച്ചിൽ 50 വിദ്യാർത്ഥികൾക്ക് വീതം പ്രവേശനം നൽകാവുന്നതാണ്. സ്വതന്ത്ര സോഫ്ട് വെയറിന്റെ വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യം നൽകുന്നതിനോടൊപ്പം, വ്യക്തിത്വ വികസനത്തിന്റെ വിവിധ തലങ്ങളും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 6 മാസത്തെ പരിശീലന കാലയളവിൽ വിദ്യാർത്ഥികൾക്ക് സ്വതന്ത്ര സോഫ്ട്വെയർ കൊണ്ട് ഡെവലപ്മെന്റ് ലൈഫ് സൈക്കിളിന്റെ എല്ലാ ഘട്ടങ്ങളുടെയും വിദഗദ്ധ അറിവ് നൽകുകയും വിവിധ പ്രോജക്ട് കൈകാര്യം ചെയ്യാൻ അവസരം ലഭ്യമാക്കുന്നതുമാണ് കാറ്റ്ഫോസിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ എല്ലാ വിദ്യാർത്ഥികൾക്കും ഐ.ടി./ഐ.ടി. ഇതര മേഖലയിലേക്ക് നിയമനം ലഭിച്ചിട്ടുണ്ട്. കേരളത്തിലെ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളിൽ സോഫ്റ്റ് വെയർ ഉപയോഗം ത്വരിതപ്പെടുത്തുന്നതിലേക്കായി സംസ്ഥാന ഐ.ടി മിഷൻ കാറ്റ്ഫോസിന്റെ സഹകരണത്തോടുകൂടി സോഫ്റ്റ്വെയർ പ്രായോഗിക പരിക്ഞാനം നൽകുന്ന പരിപാടി ആവിഷ്കരിച്ചു വരുന്നു. 9 വിഭാഗങ്ങളിലായി തിരിച്ചിട്ടുള്ള പ്രസ്തുത ട്രെയിനിംഗ് പദ്ധതി സെക്രട്ടേറിയറ്റിലെ 270 ഉദ്യോഗസ്ഥർക്കും കേരള പോലീസിലെ 60 ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ഉദ്യോഗസ്ഥർക്കും നൽകിക്കഴിഞ്ഞു. കേരള പിഎസ്സി-ക്ക് കീഴിലുള്ള 1200 ഓളം ഉദ്യോഗസ്ഥർക്കും അക്ഷയ പ്രോജക്ടിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്കും, അക്ഷയ സംരംഭകർക്കും അടുത്ത ഘട്ടത്തിൽ ഈ ട്രെയിനിംഗ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ എടുത്തു കഴിഞ്ഞു. സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ഗവേഷണ പദ്ധതിയെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ഐ.സി ഫോസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് നിലവിൽ വന്നു.

(ബി) കാറ്റ്ഫോസ്, ഐ.സി. ഫോസ് എന്നീ സ്ഥാപനങ്ങളാണ് സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്നത്.

(സി) കേരള സർക്കാരിന്റെ കീഴിലുള്ള 1200 ഓളം ഉദ്യോഗസ്ഥർക്കും അക്ഷയ പ്രോജക്ടിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്കും, അക്ഷയ സംരംഭകർക്കും അടുത്ത ഘട്ടത്തിൽ ഈ ട്രെയിനിംഗ് നൽകാനുദ്ദേശിക്കുന്നുണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ എടുത്തു കഴിഞ്ഞു. അക്ഷയ പ്രോജക്ടിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പഞ്ചായത്തിനു കീഴിലും പ്രവർത്തിച്ചു വരുന്ന 2000-ൽപ്പരം അക്ഷയ കേന്ദ്രങ്ങളെ സ്വതന്ത്ര സോഫ്റ്റ്വെയർ പരിശീലനം നൽകി സേവനങ്ങൾ ലഭ്യമാക്കുക എന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. തിരുവനന്തപുരത്ത് സ്ഥാപിതമായ ഐ.സി ഫോസിലൂടെ സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ പുതിയ മേഖലകളെ കണ്ടെത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ചെറുകിട ഐ. ടി. പാർക്ക്

69(1322) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തെറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. വ്യാപനം ഗ്രാമതലത്തിൽ വികസിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ചെറുകിട ഐ. ടി. പാർക്ക് എന്ന ലക്ഷ്യം കൈവരിക്കാനായി സമയബന്ധിതമായ രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) എല്ലാ പഞ്ചായത്തുകളിലും ടെക്നോ ലോഡ്ജുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ഐ.ടി. വ്യാപനം ഗ്രാമതലത്തിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് ടെക്നോലോഡ്ജ് പദ്ധതി പഞ്ചായത്തുകളിൽ ഉപയോഗത്തിലല്ലാതെ കിടക്കുന്ന സ്ഥല സൗകര്യങ്ങൾ പാട്ടത്തിന് എടുത്ത് ഐ.ടി.-ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ നടത്തി ബിസിനസ്സ് തുറന്നുകൊടുക്കുന്ന ഒരു പദ്ധതിയാണ് ഇത്. ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ചെറുകിട ഐ.ടി. പാർക്ക് എന്ന ലക്ഷ്യം ഇപ്പോൾ ഇല്ല. സ്ഥലം ലഭ്യമായതും അനുയോജ്യമായതുമായ പഞ്ചായത്തുകളിൽ ആരംഭിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനകം തന്നെ 11 സ്ഥലങ്ങളിൽ ടെക്നോലോഡ്ജ് പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇതിൽ കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടും പദ്ധതി ആരംഭിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിലെ തിരുമാറാടിയിലും കൊല്ലം ജില്ലയിലെ വെളിയത്തും പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കി സ്ഥലങ്ങളിലും ആരംഭിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly